സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 164 2024 ഒക്ടോബർ 15 ചൊവ്വ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

അഞ്ചുവയസ്സുകാരന് അധ്യാപികയുടെ ക്രൂരമർദ്ദനം

തൃശൂർ: ഡയറി എഴുതിയില്ല; അഞ്ചുവയസ്സുകാരന് അധ്യാപികയുടെ ക്രൂര മർദ്ദനം. കുരിയച്ചിറ സെന്റ് ജോസഫ് യു.പി സ്കൂളിലാണ് സംഭവം. ക്ലാസ് ടീച്ചറായ സെലിനാണ് കുട്ടിയുടെ ഇരു കാൽമുട്ടിനും താഴെ തല്ലിയത്. രക്ഷിതാക്കളുടെ പരാതിയിൽ നെടുപുഴ പോലീസ് കേസെടുത്തു. കേസെടുത്ത് ഒരാഴ്ച ആയിട്ടും അധ്യാപികയെ അറസ്റ്റ് ചെയ്യാതെ പോലീസ്. അറസ്റ്റ് ചെയ്യാത്തത് മാനേജ്മെന്റിന്റെ സമ്മർദ്ദത്തിന് വഴങ്ങിയെന്ന് കുടുംബം. അധ്യാപിക ഒളിവിൽ ആണെന്ന വിശദീകരണവുമായി നെടുപുഴ പോലീസ്.

അജിത് കുമാറും ആർഎസ്എസ് നേതാവുമായുള്ള കൂടിക്കാഴ്ച സംശയാസ്പദം; ക്ലീൻ ചിറ്റ് നൽകാതെ ഡിജിപി

തിരു: എ.ഡി.ജി.പി എം. ആർ അജിത് കുമാറിനെതിരായ അന്വഷണ റിപ്പോർട്ട് പുറത്ത്. ആർ.എസ്.എസ് നേതാവിനെ അജിത് കുമാർ കണ്ടതിനുള്ള കാരണം വ്യക്തമല്ലെന്ന് റിപ്പോർട്ടിൽ പറയുന്നു. ഡി. ജി. പിയാകാൻ ആർ.എസ്.എസ് നേതാവിനെ സ്വാധീനിക്കാൻ ശ്രമിച്ചെന്ന ആരോപണം ശരിവെക്കാനോ തള്ളിക്കളയാനോ തെളിവില്ലെന്നും ഡിജി.പി റിപ്പോർട്ടിൽ പറയുന്നു.

എം.ആർ അജിത് കുമാറിനെതിരായ രണ്ട് അന്വേഷണങ്ങളുടെ റിപ്പോർട്ടുകളാണ് ഇന്ന് മുഖ്യമന്ത്രി നിയമസഭയുടെ മേശപ്പുറത്ത് വച്ചത്. ആർ. എസ്.എസ് നേതാവിനെ സന്ദർശിച്ചതുമായി ബന്ധപ്പെട്ട് ഡി.ജി.പി നടത്തിയ അന്വേഷണത്തിന്റെയും പി.വി അൻവർ ഉന്നയിച്ച ആരോപണങ്ങളെ കുറിച്ച് ഉന്നത ഉദ്യോഗസ്ഥർ നടത്തിയ അന്വേഷണത്തിന്റെയും റിപ്പോർട്ടുകളാണ് ഇവ. ഇതിൽ ആദ്യത്തെ റിപ്പോർട്ടാണ് ഇപ്പോൾ പുറത്തുവന്നത്. ആർ.എസ്.എസ് നേതാക്കളെ അജിത് കുമാർ രണ്ട് തവണ കണ്ടതിനുള്ള കാരണത്തെ കുറിച്ച് റിപ്പോർട്ടിൽ പറയുന്നുണ്ട്. ഇതിൽ ആർ. എസ്. എസ്. ജനറൽ സെക്രട്ടറി ദത്താത്രേയ ഹൊസബാളയെ തൃശൂരിൽ വെച്ച് കണ്ടതിൽ ചില സംശയങ്ങൾ ഡി.ജി.പിയുടെ റിപ്പോർട്ടിൽ പ്രകടിപ്പിക്കുന്നുണ്ട്. എന്നാൽ രാം മാധവിനെ തിരുവനന്തപുരത്ത് വെച്ച് കണ്ടതിൽ അസ്വഭാവികതയില്ലെന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്. ഒരു വേദിയിൽ ഒന്നിച്ച് എത്തിയപ്പോഴാണ് ഇവർ കണ്ടതെന്നും ഇതിൽ ദുരുദ്ദേശമില്ലെന്നും റിപ്പോർട്ടിൽ പറയുന്നു.

ദത്താത്രേയ ഹൊസബാളയെ തൃശൂരിൽ വെച്ച് കണ്ടതിൽ ചില സംശയങ്ങൾ ഉന്നയിച്ചുകൊണ്ടാണ് ഈ റിപ്പോർട്ട് അവസാനിക്കുന്നത്. സന്ദർശനം വ്യക്തിപരമാണെങ്കിലും അടച്ചിട്ട മുറിയിൽ ഇരുവരും സംസാരിച്ചത് എന്താണെന്ന കാര്യത്തിൽ വ്യക്തതയില്ല. എന്തെങ്കിലും സ്വാധീനത്തിന് ശ്രമിച്ചിട്ടുണ്ടോ എന്ന കാര്യവും വ്യക്തമല്ല. ഡി.ജി.പിയാകാനോ പ്രസിഡന്റിന്റെ പോലീസ് മെഡൽ ലഭിക്കാനോ ആണ് അജിത് കുമാർ ആർ.എസ്.എസ് നേതാവിനെ കണ്ടന്ന ആരോപണമുണ്ടെങ്കിലും റിപ്പോർട്ടിൽ ഇത് ശരിവെക്കുകയോ തള്ളുകയോ ചെയ്യുന്നില്ല. എന്നാൽ ഈ ആരോപണം ശരിയാണെങ്കിൽ അത് സർവീസ് ചട്ടങ്ങളുടെ ലംഘനമാണെന്ന് റിപ്പോർട്ടിൽ പറയുന്നു.

ദത്താത്രേയ ഹൊസബാളയെ കണ്ടതുമായി ബന്ധപ്പെട്ട് അജിത് കുമാറിന്റെ വിശദീകരണം റിപ്പോർട്ടിലുണ്ട്. ഇതിൽ 2023 ഏപ്രിലിൽ തൃശൂരിൽ വെച്ച് ആർ.എസ്.എസ് നേതാവ് ജയകുമാറാണ് ഈ സന്ദർശനത്തിന് വഴിയൊരുക്കിയത്. താൻ അങ്ങോട്ട് കാണാൻ താൽപര്യപ്പെടുകയായിരുന്നെന്നും വേറെയും രാഷ്ട്രീയ, സാമൂഹിക നേതാക്കളെ താൻ സന്ദർശിക്കാറുണ്ടെന്നും ഇത് തന്റെ ജോലിക്ക് സഹായകരമാണെന്നും മൊഴിയിൽ പറയുന്നു. എന്നാൽ ഇത് ഡി.ജി.പി മുഖവിലക്കെടുത്തിട്ടില്ല. അതേസമയം ഈ വിഷയത്തിൽ തുടരന്വേഷണം നടത്തേണ്ടതിനെ കുറിച്ചൊന്നും റിപ്പോർട്ടിൽ പറയുന്നില്ല.

ഭണ്ഡാരം കുത്തി തുറന്ന് മോഷണം

തൃശൂർ: കാഞ്ഞാണി കാരമുക്ക് പൂത്യക്കോവിൽ നരസിംഹ മൂർത്തി ക്ഷേത്രത്തിലെ ഭണ്ഡാരങ്ങൾ കുത്തിപ്പൊളിച്ച് മോഷണം. ഇന്ന് രാവിലെ ക്ഷേത്രം തുറക്കാനെത്തിയ ജീവനക്കാരാണ് മോഷണം നടന്നതായി കണ്ടെത്തിയത്. ക്ഷേത്ര നടയിലെയും പുറത്ത് ചുറ്റുമതിലിനോടു ചേർന്നും സ്ഥാപിച്ച രണ്ട് ഭണ്ഡാരങ്ങളും കുത്തി തുറന്നാണ് പണം മോഷ്ടിച്ചിട്ടുള്ളത്. മോഷണത്തിനുപയോഗിച്ചതായി സംശയിക്കുന്ന കമ്പിപ്പാരകളും മറ്റും സമീപത്ത് ഉപേക്ഷിച്ച നിലയിൽ കണ്ടെത്തി. അന്തിക്കാട് പോലീസ് സ്ഥലത്ത് എത്തി അന്വേഷണം നടത്തി. ഏതാനും ആഴ്ചകൾക്ക് മുൻപ് സമീപത്തെ തൃക്കുന്നത്ത് ക്ഷേത്രത്തിലും ഭണ്ഡാരങ്ങൾ കുത്തിത്തുറന്ന് മോഷണം നടന്നിരുന്നു

തിരഞ്ഞെടുപ്പ് പ്രഖ്യാപനം ഇന്ന്

വയനാട്, പാലക്കാട്, ചേലക്കര ഉപതിരഞ്ഞെടുപ്പുകൾ ഇന്ന് പ്രഖ്യാപിക്കും. മഹാരാഷ്ട്ര, ജാർഖണ്ഡ് നിയമസഭാ തിരഞ്ഞെടുപ്പുകളും പ്രഖ്യാപിക്കും. തിരഞ്ഞെടുപ്പ് കമ്മീഷന്റെ വാർത്താസമ്മേളനം ഇന്ന് വൈകിട്ട് 3.30ന്.

എ.ഡി.എമ്മിന്റെ മരണം ഞെട്ടിപ്പിക്കുന്നത്; നദിവ്യയെ അറസ്റ്റ് ചെയ്യണം– കെ.സുരേന്ദ്രൻ

തിരു: കണ്ണൂർ എ.ഡി.എം. നവീൻ ബാബുവിന്റെ മരണം ഞെട്ടിക്കുന്നതാണെന്ന് ബി. ജെ. പി സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രൻ. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി. പി. ദിവ്യയെ അറസ്റ്റ് ചെയ്യണമെന്നും അദ്ദേഹം ഫേസ്ബുക്കിൽ കുറിച്ചു.

എ.ഡി.എമ്മിനെ ഭീഷണിപ്പെടുത്തിയ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം വേണമെന്നും അദ്ദേഹം പറഞ്ഞു. എ.ഡി.എം നവീൻ ബാബുവിന്റെ ഔദ്യോഗിക യാത്രയയപ്പ് യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി. ദിവ്യയെത്തിയത് ക്ഷണിക്കപ്പെടാതെയാണ്. ജില്ലാ കളക്ടർ പങ്കെടുത്ത യോഗത്തിലേക്ക് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനെ ക്ഷണിച്ചിരുന്നില്ല.

ക്ഷണിക്കപ്പെടാത്ത വേദിയിലെത്തി എഡിഎമ്മിനെ അപമാനിച്ചത് മനഃപൂർവ്വമാണെന്നും അദ്ദേഹം കുറിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനം രാജിവെച്ച് അവർ നിയമനടപടി നേരിടണം. അവർക്കെതിരെ ആത്മഹത്യാപ്രേരണയ്ക്കും നരഹത്യയ്ക്കും കേസ്സെടുക്കണം. ജില്ലാ കളക്ടറുടെ മൊഴിയെടുക്കണം. സി.പി.എം നേതാക്കൾ കേരളത്തിലെ സർക്കാർ ഉദ്യോഗസ്ഥന്മാരുടെ ആത്മവിശ്വാസം തകർക്കുന്നത് പതിവായിരിക്കുകയാണെന്നും അദ്ദേഹം ആരോപിച്ചു.

പെട്രോൾ പമ്പ് അനുവദിക്കാൻ എഡിഎം പണം വാങ്ങി; ഇങ്ങനെ സംഭവിക്കുമെന്ന് കരുതിയില്ലെന്ന് പരാതിക്കാരൻ



കണ്ണൂർ: പെട്രോൾ പമ്പ് അനുവദിക്കാൻ കണ്ണൂർ എഡിഎമ്മായ നവീൻ ബാബുവിന് കൈക്കൂലി നൽകിയെന്ന് പരാതിക്കാരനായ പ്രശാന്ത്. പെട്രോൾ പമ്പിന്റെ അനുമതിക്ക് വേണ്ടി നവീൻ ബാബുവിന് അപേക്ഷ നൽകിയെങ്കിലും മൊസത്തോളം ഫയൽ പഠിക്കട്ടെ എന്ന് പറഞ്ഞ് വൈകിപ്പിച്ചുവെന്നും പിന്നീട് താമസസ്ഥലത്തേക്ക് വിളിച്ചുവരുത്തി പണം ആവശ്യപ്പെട്ടു എന്നുമാണ് പ്രശാന്തിന്റെ ആരോപണം.

ചേരനല്ലൂർ നടുവാലൂരിൽ പെട്രോൾ പമ്പ് അനുവദിക്കാനാണ് നവീൻ ബാബുവിന് പണം നൽകിയത്. പെട്രോൾ പമ്പിന്റെ അനുമതിക്ക് വേണ്ടി നവീൻ ബാബുവിന് അപേക്ഷ നൽകിയെങ്കിലും 6 മാസത്തോളം ഫയൽ പഠിക്കട്ടെ എന്ന് പറഞ്ഞ് വൈകിപ്പിച്ചു. പിന്നീട് ഒക്ടോബർ 6ന് അദ്ദേഹത്തിന്റെ താമസസ്ഥലത്തേക്ക് വിളിച്ച് വരുത്തി ഒരു ലക്ഷം രൂപ ആവശ്യപ്പെട്ടു. ബാങ്ക് ട്രാൻസ്ഫർ ചെയ്യാം എന്ന് പറഞ്ഞപ്പോൾ അത് അദ്ദേഹം വിലക്കി. ഗൂഗിൾ പേ വഴി അയക്കാം എന്ന് പറഞ്ഞപ്പോഴും സമ്മതിച്ചില്ല. അത്രയും പണം കയ്യിൽ ഇല്ല എന്ന് പറഞ്ഞപ്പോൾ 2ദിവസത്തിനകം സംഘടിപ്പിച്ച് തന്നാൽ മതി എന്ന് പറഞ്ഞു. തന്റെ കയ്യിൽ ഉള്ള പണവും മറ്റുള്ളവരിൽ നിന്നും വാങ്ങിയതും ചേർത്ത് 98500 രൂപ നവീൻ ബാബുവിന് ഒക്ടോബർ 6ന് തന്നെ നൽകിയെന്നും പ്രശാന്ത് പറയുന്നു.

അദ്ദേഹം ക്വാട്ടേഴ്സിലേക്ക് വിളിച്ച് വരുത്തിയതിന് ഉൾപ്പടെ ഫോൺ രേഖകൾ ഉണ്ട്. എന്നാൽ പണം കൈമാറിയത് വീട്ടിനകത്ത് വെച്ചാണെന്നും ആ സമയത്ത് ഫോൺ വാഹനത്തിനകത്ത് ആയിരുന്നു എന്നും പണം കൈമാറിയതിന് തെളിവില്ലെന്നും പ്രശാന്ത് പറഞ്ഞു. പണം കൊടുത്തില്ലെങ്കിൽ ഒരു കാരണവശാലും ഇത് കിട്ടില്ല അതിന് വേണ്ടത് ചെയ്തേ പോകൂ എന്ന് പറഞ്ഞ് അന്ന് ഭീഷണിപ്പെടുത്തി. ഒടുവിൽ പണം നൽകിയെന്നും ഈ വിഷയത്തിൽ നേരത്തെ തന്നെ പി.പി ദിവ്യയോട് പരാതി പറഞ്ഞതിനാൽ കൈക്കൂലി വാങ്ങിയ കാര്യവും ദിവ്യയോട് പറഞ്ഞു എന്നും ദിവ്യ മുഖ്യമന്ത്രിക്ക് പരാതി നൽകാൻ ആവശ്യപ്പെട്ടെന്നും പ്രശാന്ത് പറയുന്നു.

പരാതി നൽകിയതോടെ വിഷയം അവസാനിച്ചെന്നാണ് കരുതിയത്. ദിവ്യ ഒരു വേദിയിൽ ഇക്കാര്യം പറയുമെന്നോ ഇങ്ങനെ സംഭവിക്കും എന്നോ കരുതിയില്ലെന്നും പ്രശാന്ത് വ്യക്തമാക്കി. തുടക്കത്തിൽ ഒന്നും പണം ചോദിച്ചില്ലെന്നും ഫയൽ പഠിക്കട്ടെ എന്ന് മാത്രമായിരുന്നു മറുപടി എന്നും ശനിയാഴ്ചയാണ് ഫോൺ നമ്പർ വാങ്ങി വിളിച്ച് ക്വാട്ടേഴ്സിലേക്ക് വിളിച്ചു വരുത്തി പണം ആവശ്യപ്പെട്ടത് എന്നും പ്രശാന്ത് പറയുന്നു. ആ സമയത്ത് പെട്രോൾ പമ്പിന് അനുമതി കിട്ടണം എന്നേ ഉണ്ടായിരുന്നുള്ളൂ. സ്ഥലം പണയത്തിന് എടുത്തത് ഉൾപ്പടെ നാല് ലക്ഷത്തോളം രൂപ ചിലവായിട്ടുണ്ട്. ഭീഷണിപ്പെടുത്തിയതിനാലാണ് പണം നൽകിയത് എന്നും ഇല്ലെങ്കിൽ പണം നൽകില്ലായിരുന്നു എന്നും പ്രശാന്ത് വ്യക്തമാക്കി.

ദിവ്യക്കെതിരേ അധിക്ഷേപവർഷം; രാജിവെക്കണമെന്നാവശ്യപ്പെട്ട് പ്രതിഷേധം



കണ്ണൂർ: എഡിഎം നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് വൻതോതിൽ പ്രതിഷേധം ഉയരുന്നു. കണ്ണൂർ ജില്ല പഞ്ചായത്ത് പ്രസിഡന്റ് പി.പി. ദിവ്യ രാജി വെക്കണമെന്നാവശ്യപ്പെട്ടാണ് പ്രതിഷേധം.

കണ്ണൂരിലെ പള്ളിക്കുന്നിലെ ക്വട്ടേഴ്സിൽ നിന്ന് നവീൻ ബാബുവിന്റെ മൃതദേഹം പരിയാരം മെഡിക്കൽ കോളേജിലേക്ക് മാറ്റിയിരുന്നു. പള്ളിക്കുന്നിൽ നിന്നുള്ള പ്രതിഷേധം ജില്ലാ പഞ്ചായത്ത് ഓഫീസിലേക്ക് വ്യാപിച്ചു. യൂത്ത് കോൺഗ്രസിനു പിന്നാലെ യുവമോർച്ച, ബിജെപി പ്രവർത്തകരും പ്രതിഷേധത്തിലേക്ക് കടന്നു.

പി.പി. ദിവ്യയുടെ രാജിയാവശ്യപ്പെട്ടാണ് പ്രതിഷേധം. ശൂർപണഖയെന്നും ഡ്രാക്കുളയെന്നും കൊലപാതകിയെന്നും അധിക്ഷേപിച്ചാണ് പ്രതിഷേധം. പോലീസ് പ്രതിഷേധക്കാരെ അറസ്റ്റു ചെയ്തു മാറ്റി. പഞ്ചായത്ത് ഓഫീസിലേക്ക് അതിക്രമിച്ചു കടക്കാൻ ശ്രമിച്ചതോടെയാണ് സംഘർഷം രൂക്ഷമായത്. പി.പി. ദിവ്യ രാജി വെക്കണമെന്നും ദിവ്യക്കെതിരേ ആത്മഹത്യാപ്രേരണാകുറ്റം ചുമത്തി കേസെടുക്കണമെന്നുമാണ് ആവശ്യം. ദിവ്യയുടെ ഭർത്താവ് പരിയാരം മെഡിക്കൽ കോളേജിലെ ജീവനക്കാരനാണ്. പോസ്റ്റ്മോർട്ടത്തിൽ കൃത്രിമം കാണിക്കുമെന്നാണ് യൂത്ത് കോൺഗ്രസിന്റെ ആരോപണം.

പത്തനംതിട്ട എ.ഡി.എം. ആയി ചൊവ്വാഴ്ച ചുമതലയേൽക്കാൻ ഇരിക്കെയാണ് നവീൻ ബാബുവിന്റെ മരണം. പത്തനംതിട്ട മലയാലപ്പുഴ പത്തിശേരി സ്വദേശിയാണ് നവീൻ ബാബു. രാത്രി 9 മണിയുടെ ട്രെയിന് പത്തനംതിട്ടയ്ക്ക് പോകുമെന്നായിരുന്നു അയൽവാസികളോട് പറഞ്ഞിരുന്നത്. രാത്രി ലൈറ്റ് കാണാതിരുന്നപ്പോൾ വീട്ടിൽ നിന്ന് പോയി എന്നാണ് കരുതിയത്. എന്നാൽ രാവിലെ മരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു. കഴിഞ്ഞ ദിവസം ഇദ്ദേഹത്തിന്റെ യാത്രയയപ്പ് ചടങ്ങിനിടെ അപ്രതീക്ഷിതമായി എത്തിയ പി.പി. ദിവ്യ പരസ്യമായി ആരോപണം ഉന്നയിക്കുകയായിരുന്നു.

കണ്ണൂർ എഡിഎം നവീൻ ബാബു മരിച്ച നിലയിൽ, മൃതദേഹം കണ്ടെത്തിയത് ക്വാർട്ടേഴ്സിൽ

കണ്ണൂർ: കണ്ണൂർ എഡിഎം കെ. നവീൻ ബാബു മരിച്ച നിലയിൽ. പള്ളിക്കുന്നിലെ ക്വാർട്ടേഴ്സിലാണ് എഡിഎമ്മിനെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്. നവീൻ ബാബുവിനെതിരെ ഇന്നലെ കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി ദിവ്യ അഴിമതി ആരോപണം ഉന്നയിച്ചിരുന്നു. പത്തനംതിട്ട എഡിഎം ആയി സ്ഥലം മാറ്റം ലഭിച്ചതിനെ തുടർന്ന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നവീൻ ബാബുവിന് ഇന്നലെ യാത്രയയപ്പ് നൽകിയിരുന്നു. ഈ ചടങ്ങിലേക്കാണ് ക്ഷണിക്കപ്പെടാതെ പി.പി ദിവ്യ എത്തി അഴിമതി ആരോപണം ഉന്നയിച്ചത്.

ചെങ്ങളായിലെ പെട്രോൾ പമ്പിന് അനുമതി നൽകുന്നതിൽ അഴിമതി നടത്തിയെന്നായിരുന്നു പി.പി ദിവ്യയുടെ ആരോപണം. നവീൻ ബാബു ഇനി പോകുന്ന സ്ഥലത്ത് ഇങ്ങനെ പ്രവർത്തിക്കരുതെന്നും, ഉപഹാരം നൽകുന്നത് കാണാൻ ആഗ്രഹിക്കുന്നില്ലെന്നും പറഞ്ഞ് അവർ ഉടൻ വേദി വിടുകയും ചെയ്തു. നേരിട്ട അപമാനത്തിൽ മനംനൊന്താണ് ജീവനൊടുക്കിയതെന്നാണ് വിവരം. താൻ ശുപാർശ ചെയ്തിട്ടും നടക്കാത്ത കാര്യം പിന്നീട് മറ്റൊരാളുടെ ശുപാർശയിൽ നടന്നതിലെ എതിർപ്പാണ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കാണിച്ചതെന്ന വിമർശനം ഉയരുന്നുണ്ട്.

കഴിഞ്ഞ തിരഞ്ഞെടുപ്പ് കാലത്ത് കാസർകോട് നിന്നാണ് കണ്ണൂരിലേക്ക് എഡിഎം ആയി നവീൻ ബാബു എത്തിയത്. ഇന്നലത്തെ യാത്രയയപ്പ് കഴിഞ്ഞ് രാത്രി മലബാർ എക്സ്പ്രസിൽ കണ്ണൂരിൽ നിന്ന് പത്തനംതിട്ടയിലേക്ക് പോകേണ്ടതായിരുന്നു. രാവിലെ ട്രെയിനിൽ അദ്ദേഹം ഇല്ലെന്നറിഞ്ഞ് കുടുംബാംഗങ്ങൾ വിവരമറിയച്ചതിനെ തുടർന്ന് നടത്തിയ പരിശോധനയിലാണ് തൂങ്ങിമരിച്ച നിലയിൽ കാണപ്പെട്ടത്. ഭാര്യ മഞ്ജുഷ കോന്നി തഹസിൽദാരാണ്.2 പെൺമക്കളാണുള്ളത്.

കോടതി പരസ്യം

ബഹു. തൃശൂർ ഒന്നാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ

OS: 302/2021

ഉഷ –അന്യായക്കാരി

2) Arun Nair, 34 years, Shubam Galaxy Nikol, New Naroda Road, Near Haridarshan Cross Road, Kathwala Road, Nava Naroda New India Colony, Ahammedabad, Gujarat-382 330

3) Viju, 35 years, Vannarath House, Thaliparamba P.O., Kannur-670 141

–2, 4 പ്രതികൾ

മേൽ നമ്പറിലെ 2, 4 പ്രതികൾ പേരിലുള്ള നോട്ടീസ് വാസസ്ഥലത്തും കോടതിയിലും പതിച്ചുനടത്തുവാൻ കല്പിച്ച് കേസ് **30–11–2024** തിയ്യതിയിലേക്ക് വിചാരണക്ക് വെച്ചിട്ടുള്ളതാകുന്നു. ടി കാര്യത്തിൽ എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാണെന്ന വിവരം ഇതിനാൽഅറിയിച്ചുകൊള്ളുന്നു.

എന്ന്, 04–10–2024

ഹരജിഭാഗം അഡ്വക്കേറ്റ്

ബേബി പി ആന്റണി

(ഒപ്പ്)

രജിസ്ട്രേഷൻ നടത്താതെ വരുന്ന തീർത്ഥാടകർക്കും ശബരിമലയിൽ ദർശനം: ഉറപ്പുനൽകി മുഖ്യമന്ത്രി

തിരു: ശബരിമല ദർശനത്തിന് ഓൺലൈൻ രജിസ്ട്രേഷൻ നടത്താതെയും ഈ സമ്പ്രദായത്തെക്കുറിച്ച് അറിയാതെയും എത്തുന്ന തീർത്ഥാടകർക്കും സുഗമമായ ദർശനത്തിനുള്ള സൗകര്യം സർക്കാർ ഉറപ്പുവരുത്തുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കഴിഞ്ഞ വർഷങ്ങളിൽ ഇത്തരത്തിൽ ദർശനം ഉറപ്പുവരുത്തിയിരുന്നുവെന്ന് മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. വി.ജോയിയുടെ സബ്മിഷന് നിയമസഭയിൽ മറുപടി പറയുകയായിരുന്നു മുഖ്യമന്ത്രി.

ശബരിമല മണ്ഡലമകരവിളക്ക് തീർത്ഥാടനവുമായി ബന്ധപ്പെട്ട് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും തീർത്ഥാടനം സുമഗമമാക്കാനുമുള്ള നടപടികളുടെയും ഭാഗമായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ദേവസ്വം വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും തിരുവിതാംകൂർ ദേവസ്വം ബോർഡ്, പോലീസ്, ജില്ലാ ഭരണകൂടം എന്നിവരുമായി യോഗങ്ങൾ ചേർന്ന് വിശദമായ ആസൂത്രണം നടത്തിയിരുന്നു.

തീർത്ഥാടനത്തിനെത്തുന്ന എല്ലാവർക്കും സന്നിധാനത്തും പമ്പയിലും ഇടത്താവളങ്ങളിലും മെച്ചപ്പെട്ട സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ്, പോലീസ്, വനം, ആരോഗ്യം, പൊതുമരാമത്ത്, ഫയർ & റസ്ക്യൂ, ലീഗൽ മെട്രോളജി, ദുരന്തനിവാരണം, ഭക്ഷ്യ പൊതുവിതരണം, ഇറിഗേഷൻ, കെ.എസ്.ഇ.ബി, കെ.എസ്.ആർ.ടി.സി, ബി.എസ്എൻ.എൽ, വാട്ടർ അതോറിറ്റി, മലിനീകരണ നിയന്ത്രണബോർഡ് എന്നീ വകുപ്പുകളും സ്ഥാപനങ്ങളും തമ്മിലുള്ള ഏകോപനം മെച്ചപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നിലയ്ക്കൽ, പമ്പ എന്നിവിടങ്ങളിൽ ആംബുലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിനും 12 എമർജൻസി മെഡിക്കൽ സെന്ററുകൾ ആരംഭിക്കുന്നതിനും കരിമല റൂട്ടിൽ ഫോറസ്റ്റുമായി സഹകരിച്ച് മെഡിക്കൽ സെന്ററുകൾ ആരംഭിക്കുന്നതിനും കാർഡിയോളജിസ്റ്റുകളുടെ സേവനം ഉറപ്പുവരുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. റോഡുകളുടെ അറ്റകുറ്റപണിക്കും കാനന പാതകളിൽ ഭക്തർക്ക് സൗകര്യങ്ങളും സംരക്ഷണവും ഒരുക്കുന്നതിനും അന്യസംസ്ഥാനത്ത് നിന്ന് എത്തുന്ന തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശബരിമലയിൽ എത്തുന്ന തീർത്ഥാടകരുടെ സുഗമമായ ദർശനവും സുരക്ഷയും ഉറപ്പാക്കുന്നതിന് സ്പോട്ട് ബുക്കിംഗ് അനുവദിക്കുന്ന വിഷയം 05.10.2024 ന് ചേർന്ന അവലോകനയോഗം ചർച്ച ചെയ്യുകയുണ്ടായി. തീർത്ഥാടകർക്ക് സൗകര്യപ്രദവും സുരക്ഷിതവുമായ രീതിയിൽ ദർശനം ഉറപ്പാക്കണമെന്നുംയോഗം വിലയിരുത്തി.

തിരക്ക് നിയന്ത്രിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ മുൻകൂട്ടി സ്വീകരിക്കുന്നതിനായി തീർത്ഥാടകർ ഏത് പാതയാണ് തീർത്ഥാടനത്തിന് തെരഞ്ഞെടുക്കുന്നത് എന്ന വിവരം വെർച്ചൽ ക്യൂവിൽ ഉൾപ്പെടുത്തുന്നതിനും, തിരക്ക് കുറഞ്ഞ ദിവസം ഭക്തർക്ക് യഥേഷ്ടം തിരഞ്ഞെടുക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ സോഫ്റ്റ്‌വെയറിൽ കൊണ്ടുവന്ന് ഓരോ ദിവസവും ബുക്ക് ചെയ്യുന്ന തീർത്ഥാടകരുടെ എണ്ണം ജില്ലാ ഭരണകൂടത്തിനും പോലീസിനും മറ്റു വകുപ്പുകൾക്കും മുൻകൂട്ടി നൽകുന്നതിനുംയോഗത്തിൽ തീരുമാനിച്ചിരുന്നു. ശബരിമലയിൽ എത്തുന്ന എല്ലാ തീർത്ഥാടകർക്കും ദർശനം നടത്താനുള്ള സൗകര്യമൊരുക്കണമെന്നുംയോഗം തീരുമാനിച്ചിരുന്നു.

വെർച്ചൽ ക്യൂ രജിസ്ട്രേഷനിലൂടെ തീർത്ഥാടകരുടെ വിശദാംശങ്ങൾ ഡിജിറ്റൽരേഖയായി ലഭ്യമാകും. ഇത് ശബരിമലയിലെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും അപകടങ്ങളും കൂട്ടം തെറ്റലുകളും ഉണ്ടായാൽ ആളുകളെ കണ്ടെത്തുന്നതിനും സഹായകരമാണ്. കഴിഞ്ഞ വർഷത്തേക്കാൾ മെച്ചപ്പെട്ട തീർത്ഥാടന സൗകര്യങ്ങളും സർക്കാർ ഉറപ്പുവരുത്തിയിട്ടുണ്ട്.

തിരുപ്പതി ഉൾപ്പെടെയുള്ള പ്രമുഖ തീർത്ഥാടനകേന്ദ്രങ്ങളിൽ കുറ്റമറ്റരീതിയിൽ വെർച്ചൽ ക്യൂ സമ്പ്രദായം നടന്നുവരുന്നു. ഇതേ മാതൃകയിലാണ് 2011 മുതൽ ശബരിമലയിലും വെർച്ചൽ ക്യൂ സംവിധാനം ഏർപ്പെടുത്തിയത്. വെർച്ചൽ ക്യൂ കുറ്റമറ്റ രീതിയിൽ ശക്തിപ്പെടുത്താൻ തന്നെയാണ് ഉദ്ദേശിക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

ലൈംഗികാതിക്രമ പരാതി; അന്വേഷണ ഉദ്യോഗസ്ഥർ എത്തും മുൻപേ സ്റ്റേഷനിൽ ഹാജരായി ജയസൂര്യ

തിരു : ലൈംഗികാതിക്രമക്കേസുമായി ബന്ധപ്പെട്ട് പൊലീസ് സ്റ്റേഷനിൽ ഹാജരായി നടൻ ജയസൂര്യ. രാവിലെ 11 മണിക്ക് തിരുവനന്തപുരം കന്റോൺമെന്റ് സ്റ്റേഷനിൽ ഹാജരാവാനായിരുന്നു നിർദേശം. എന്നാൽ മാദ്ധ്യമശ്രദ്ധ ഒഴിവാക്കാനായി 8.15ന് ജയസൂര്യ സ്റ്റേഷനിൽ എത്തി.

ഓഗസ്റ്റ് 28നാണ് നടനെതിരെ ആദ്യം ലൈംഗിക പീഡന കേസ് രജിസ്റ്റർ ചെയ്തത്. കൊച്ചി സ്വദേശിയായ നടിയാണ് ആദ്യം പരാതിയുമായി രംഗത്തെത്തിയത്. കേസിൽ പ്രത്യേക അന്വേഷണ സംഘം നടിയുടെ മൊഴി രേഖപ്പെടുത്തിയിരുന്നു.

2008ൽ ബാലചന്ദ്ര മേനോൻ സംവിധാനം ചെയ്ത 'ദേ ഇങ്ങോട്ട് നോക്കിയെ' എന്ന ചിത്രത്തിന്റെ ഷ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

അഡ്വ. എ. ഡി. ബെന്നിക്ക് സർഗ്ഗസപര്യ പുരസ്കാരം സമർപ്പിച്ചു

അങ്കമാലി: വേറിട്ട മേഖലകളിലെ മികവാർന്ന പ്രവർത്തനങ്ങളെ മാനിച്ച് അഡ്വ. എ. ഡി. ബെന്നിക്ക് സർഗ്ഗസപര്യ പുരസ്കാരം സമർപ്പിച്ചു. ആർ.ടി. ഐ കൗൺസിൽ അങ്കമാലി വ്യാപാരഭവനിൽ സംഘടിപ്പിച്ച ഉപഭോക്തൃസംഗമത്തിൽ വെച്ചാണ് രജിസ്ട്രേഷൻ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി, ബെന്നിവക്കീലിന് പുരസ്കാരം സമർപ്പിച്ചത്. ഉപഭോക്തൃ കേസുകൾ നടത്തി റെക്കോർഡിട്ടിട്ടുള്ള ബെന്നി വക്കീൽ ഉപഭോക്തൃവിദ്യാഭ്യാസരംഗത്ത് സജീവമായി ഇടപെട്ടുവരുന്നു.

സാംസ്കാരികരംഗത്തും ജീവകാരുണ്യരംഗത്തും സജീവമാണ്. കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ സ്ഥാപകസെക്രട്ടറിയും ഇപ്പോഴത്തെ ഡയറക്ടറുമാണ്. ആയിരത്തിലധികം സ്പോർട്സ് ലേഖനങ്ങളും വ്യത്യസ്ത വിഷയങ്ങളെ ആസ്പദമാക്കി ആയിരത്തോളം വീഡിയോകളും ബെന്നിവക്കീലിന്റേതായി പ്രസിദ്ധീകൃതമായിട്ടുണ്ട്. പത്മവ്യൂഹം ഭേദിച്ച് എന്ന അഡ്വ. എ.ഡി.ബെന്നിയുടെ ജീവചരിത്രഗ്രന്ഥം പ്രശസ്തമാകുന്നു. അങ്കമാലി എം.എൽ. എ.റോജി.എം.ജോൺ അദ്ധ്യക്ഷത വഹിച്ചു. അങ്കമാലി നഗരസഭാ ചെയർമാൻ മാത്യു തോമസ്, കൊച്ചി കോർപ്പറേഷൻ മുൻ ഡെപ്യൂട്ടി മേയർ സാബു ജോർജ്, അങ്കമാലി നഗരസഭാ കൗൺസിലർമാരായ ബെന്നി മുഞ്ഞേലി, ഗ്രെയ്സി സണ്ണി, ഫാദർ ജെയിംസ് പുത്തൻപറമ്പിൽ ഡോ.സിസ്റ്റർ ഷെമി ജോർജ്, സിസ്റ്റർ ജിസാ തെരേസ,പ്രിൻസ് തെക്കൻ, ഏലിയാസ് പൈനാടത്ത്, ജോസഫ് വർഗ്ഗീസ് എന്നിവർ പ്രസംഗിച്ചു.

പ്രതിഷേധിച്ചു

ഇരിങ്ങാലക്കുട: പ്രസ് ക്ലബ്ബ് അംഗം ഷാജൻ ചക്കാലക്കലിനെതിരെ ഉണ്ടായ കൈയ്യേറ്റശ്രമത്തിലും ഭീഷണിയിലും ഇരിങ്ങാലക്കുട പ്രസ് ക്ലബ്ബ് നിർവ്വാഹക സമിതി യോഗം പ്രതിഷേധിച്ചു. കുറ്റക്കാർക്കെതിരെ കർശന നടപടിവേണെന്ന് യോഗം പോലീസിനോട് ആവശ്യപ്പെട്ടു. പ്രസ് ക്ലബ്ബ് പ്രസിഡന്റ് പി. ശ്രീനിവാസൻ അധ്യക്ഷത വഹിച്ചു. നവീൻ ഭഗീരഥൻ, ജോ. സെക്രട്ടറി മൂലയിൽ വിജയകുമാർ, വി.ആർ. സുകുമാരൻ എന്നിവർ പ്രസംഗിച്ചു.

ബൈക്ക് നിയന്ത്രണം വിട്ട് യുവാവിന് പരിക്ക്

കേച്ചേരി: കൈപ്പറമ്പ് എംകെകെ പമ്പിനു സമീപം ബൈക്ക് നിയന്ത്രണം വിട്ട് മറിഞ്ഞ് യുവാവിന് പരിക്കുപറ്റി. മലയാറ്റൂർ സ്വദേശി നടുപറമ്പിൽ വീട്ടിൽ ഷിബുമകൻ എബിൻ (24) നാണ് പരിക്കുപറ്റിയത്. എബിനെ കേച്ചേരി ആക്ട്സ്പ്രവർത്തകർ മുള്ളങ്കുന്നത്തുകാവ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ജന ഹൃദയങ്ങളിൽ ഉമ്മൻചാണ്ടി: ജനകീയ സംഗമം മുക്കാട്ടുകരയിൽ

തൃശൂർ: മുൻ മുഖ്യമന്ത്രി ലീഡർ കെ.കരുണാകരന്റെ സ്മരണാർത്ഥം രൂപംകൊണ്ട കരുണം കൂട്ടായ്മയുടെ നേതൃത്വത്തിൽ നടത്തിയ ജന ഹൃദയങ്ങളിൽ ഉമ്മൻചാണ്ടി ജനകീയ സംഗമം മുക്കാട്ടുകരയിൽ പ്രമുഖ ചലച്ചിത്ര നിരൂപകനും, ദേശീയ ചലച്ചിത്ര അവാർഡ് ജേതാവുമായ ഡോ.അരവിന്ദൻ വല്ലച്ചിറ ഉദ്ഘാടനം ചെയ്തു.

ജന ഹൃദയങ്ങളിൽ ഉമ്മൻചാണ്ടി എന്ന വിഷയത്തെ ആസ്പദമാക്കി സ്കൂൾതലത്തിൽ നടത്തിയ ഓൺലൈൻ പ്രസംഗ മത്സരത്തിലെ വിജയികൾക്കുള്ള അവാർഡ് സമർപ്പണവും, മികച്ച കർഷകനുള്ള കർഷകോത്തമ പുരസ്കാര വിതരണവും നടന്നു. കരുണം കൂട്ടായ്മ ചെയർമാൻ ജെൻസൻ ജോസ് കാക്കശ്ശേരി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഇൻകാസ് ഒഐസിസി തൃശൂർ ജില്ല ഗ്ലോബൽ ഏകോപന സമിതി ചെയർമാൻ എൻ.പി.രാമചന്ദ്രൻ, വ്യവസായ പ്രമുഖനും സാമൂഹിക - സാംസ്കാരിക ജീവകാരുണ്യ പ്രവർത്തകനുമായ ജോൺ ജോസഫ് പാറക്കൽ, വി.എൽ വർഗീസ്, ജിജോ ജോർജ്ജ്, പ്രോഗ്രാം കൺവീനർ ശശി നെട്ടിശ്ശേരി, നിധിൻ ജോസ്, സെസ്സി ജോൺ, വി.എൽ.വർഗ്ഗീസ്, പി.എ.ജോസഫ്, അന്നം ജെയ്ക്കബ്, കെ.കെ.ജെയ്ക്കോ, കെ.കെ.ആന്റോ, ടി.ശ്രീധരൻ, സി.ഡി.റാഫി, കെ.ജെ. ജോബി, ജോൺസൻ പാലക്കൻ, ബിജു ചിറയത്ത്, വി പിൻ നെട്ടിശ്ശേരി, ജോസ് വടക്കൻ, സി.പി.ബേബി, വിൽസൻ എടക്കളത്തൂർ, കെ.എ. പോൾസൺ തുടങ്ങിയവർ പ്രസംഗിച്ചു.

മൃദംഗ മേള അവതരിപ്പിച്ചു

ഇരിങ്ങാലക്കുട: വിജയദശമി ദിനത്തിൽ ശ്രീ കൂടൽമാണിക്യ ക്ഷേത്രത്തിലെ നവരാത്രി നൃത്ത സംഗീതോത്സവത്തിൽ ഇരിഞ്ഞാലക്കുട കൊരമ്പ് മൃദംഗ കളരിയുടെ ആഭിമുഖ്യത്തിൽ മൃദംഗമേള അവതരിപ്പിച്ചു.

കൂടൽമാണിക്യ ക്ഷേത്രത്തിലെ കിഴക്കേനടയിലെ പ്രത്യേകം തയ്യാറാക്കിയ പന്തലിലാണ് മൃദംഗ മേള അരങ്ങേറിയത്. 4വയസുമുതൽ 76വയസ്സ് വരെയുള്ള 60തിൽപ്പരം വിദ്യാർത്ഥികൾ പങ്കെടുത്തു. മൃദംഗ ആചാര്യനായിരുന്ന കൊരമ്പ് സുബ്രഹ്മണ്യൻ നമ്പൂതിരി ചിട്ടപ്പെടുത്തിയ പാഠത്തോടെയാണ് മൃദംഗ മേള ആരംഭിച്ചത്. കൊച്ചുകുരുന്നുകൾ മൃദംഗ മേളക്കൊപ്പം മൃദംഗ ചൊല്ലുകൾ പറഞ്ഞത് ശ്രോതാക്കൾക്ക് ഹൃദ്യമായ അനുഭവമായി.

കളരിയിലെ മുതിർന്ന വിദ്യാർത്ഥികൾ അവതരിപ്പിച്ച തനിയാവർത്തനം, ജുഗൽബന്ദി തുടങ്ങിയവ, രണ്ട് മണിക്കൂറോളം നീണ്ടു നിന്ന മൃദംഗ മേളയിൽ അരങ്ങേറി. കളരിയിലെ പ്രധാന അധ്യാപകനായ വിക്രമൻ നമ്പൂതിരിയും പി. വി. ശിവകുമാറും ചേർന്നാണ് മൃദംഗ മേളയ്ക്ക് നേതൃത്വം നൽകിയത്.

പ്രകാശനം ചെയ്തു

തൃശ്ശൂർ: ആറ്റൂർ സന്തോഷ് കുമാർ തയ്യാറാക്കിയ ലോകത്തിലെ ഏറ്റവും ചെറിയ രാമായണത്തിന്റെ ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, സംസ്കൃതം വിവർത്തനങ്ങളുടെ പ്രകാശനം നെടുപുഴ കസ്തൂർബാ കേന്ദ്രം വനിതാ വായനശാലയിൽ പ്രബുദ്ധ കേരളം പത്രാധിപർ സ്വാമി നന്ദാത്മജാനന്ദ കസ്തൂർബാ ഭവൻ അന്തേവാസികൾക്ക് നൽകിനിർവഹിച്ചു. കസ്തൂർബാ ഗാന്ധി ട്രസ്റ്റ് ഉപദേശി അംഗം സി.എൻ ഗോപിനാഥൻ അദ്ധ്യക്ഷത വഹിച്ചു. വിവർത്തനം ചെയ്ത ടി.പി ശോഭ, സുധീർ മങ്കുഴി, പി.ആർ രമ്യ എം.എസ് ഗിരിഷ് കുമാർ എന്നിവരെ, ഡി രാമനാഥൻ, എം.ഡി സിതാറാം, ഡോ സി .ശാന്ത, വി.എസ് ഗിരീശൻ, എന്നിവർ ആദരിച്ചു. ആറ്റൂർ സന്തോഷ് കുമാർ, എഴുത്തുകൂട്ടം ജില്ലാ പ്രസിഡന്റ് ശശി കളരിയേൽ, മഹേഷ് ചന്ദ്രശേഖരൻ, ലേഖ ടി.എസ്, ചന്ദ്രൻ മേനോൻ ,ജോബി ഫ്രാൻസിസ് എന്നിവർ സംസാരിച്ചു.പ്രേംനസീർ കൾച്ചറൽ അസോസിയേഷൻ അംഗങ്ങൾ ഗാനമേളയും എഴുത്തുകൂട്ടം അംഗങ്ങൾ കവിയരങ്ങും നടത്തി.കസ്തൂർബാ കേന്ദ്രത്തിലെ അമ്മമാരും പരിപാടിയിൽ പങ്കെടുത്തു

സന്ധ്യയുടെയും കുടുംബത്തിന്റെയും കണ്ണീരൊപ്പി എം.എ യൂസഫലി

കൊച്ചി : എട്ട് ലക്ഷത്തോളം രൂപയുടെ കടത്തിന്റെ പേരിൽ വീട് ജപ്തി ചെയ്യപ്പെട്ട് മക്കളോടൊപ്പം പെരുവഴിയിലായ പറവൂർ സ്വദേശി സന്ധ്യയ്ക്ക് സഹായവുമായി ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലി. മണപ്പുറം ഹോം ഫിനാൻസ് ലിമിറ്റഡിൽ സന്ധ്യയ്ക്കുള്ള കടം മുഴുവൻ ഏറ്റെടുത്ത് ഉടൻ തന്നെ അടച്ചുതീർക്കുമെന്ന് സന്ധ്യക്ക് എം.എ യൂസഫലി ഉറപ്പ് നൽകി. സ്വന്തം വീട്ടിൽ ഇനി സമാധാനമായി ഉറങ്ങാനാകുമെന്നും എം.എ യൂസഫലിയുടെ സന്ദേശമായി ലുലു ഗ്രൂപ്പ് പ്രതിനിധികൾ സന്ധ്യയെ അറിയിച്ചു. കടബാധ്യത മുഴുവൻ തീർക്കുന്നതിന് പുറമേ കുടുംബത്തിന് അധിക സമ്പാദ്യമായി പത്ത് ലക്ഷം രൂപ കൈമാറി. എം.എ യൂസഫലിക്ക് വേണ്ടി ലുലു ഇന്ത്യ മീഡിയ ഹെഡ് എൻ.ബി സ്വരാജ്, എം.എ യൂസഫലിയുടെ ഫൈനാൻസ് മാനേജർ പീതാംബരൻ എന്നിവർ സന്ധ്യയുടെ വസതിയിലെത്തിയാണ് ചെക്ക് കൈമാറിയത്. കുടുംബാംഗങ്ങളുടെ പേരിൽ ജോയിന്റ് അക്കൗണ്ടായാണ് തുക നിക്ഷേപിക്കുന്നത്. സന്ധ്യയുടെ കുടുംബത്തിന് വലിയ പിന്തുണയേകുന്നതാണ് തുടർജീവിതത്തിനായി നൽകിയ പത്ത് ലക്ഷം രൂപയുടെ അധിക സഹായം.

എന്നാൽ ബാങ്കിങ് സമയം കഴിഞ്ഞിരുന്നതിനാൽ സന്ധ്യയ്ക്കും മക്കൾക്കും ഇന്ന് വീട്ടിൽ കയറാനാകുമോ എന്ന ആശങ്ക രാത്രി ബാക്കിയായിരുന്നു. 'ആ സഹോദരിയും മക്കളും വീട്ടിൽ സമാധാനമായി ഇന്ന് തന്നെ പ്രവേശിച്ചുവെന്ന് ഉറപ്പാക്കാതെ അവിടെ നിന്ന് മടങ്ങരുതെന്നായിരുന്നു തൊട്ടുപിന്നാലെ ലുലു ഇന്ത്യ മീഡിയ ഹെഡ് എൻ.ബി സ്വരാജിന് എം.എ യൂസഫലിയുടെ സന്ദേശം. പിന്നാലെ മണപ്പുറം ഫിനാൻസ് എംഡി ആൻഡ് സിഇഒ വി.പി. നന്ദകുമാറുമായി എം.എ യൂസഫലി ഫോണിൽ ബന്ധപ്പെട്ടു. ഇതോടെ ബാങ്ക് ജീവനക്കാർ ഉടനെത്തി വീട് തുറന്ന് നൽകി. സമാധാനത്തോടെ വീട്ടിൽ നിന്ന് സന്ധ്യയും മക്കളും ഭക്ഷണം കഴിച്ചു.

മരണം മുന്നിൽ കണ്ട സാഹചര്യത്തിലാണ് എം.എ യൂസഫലിയുടെ സഹായമെത്തിയതെന്നും കണ്ണീരോടെ നന്ദി പറയുന്നുവെന്നും സന്ധ്യ പറഞ്ഞു. ലൈഫ് മിഷൻ പദ്ധതിയിൽ ലഭിച്ച വീടിന്റെ നിർമാണം പൂർത്തിയാക്കുന്നതിനായാണ് പറവൂർ സ്വദേശിനി സന്ധ്യ മണപ്പുറം ഫിനാൻസിൽ നിന്ന് വായ്പയെടുത്തത്. മൂന്ന് വർഷമായി തിരിച്ചടവ് മുടങ്ങിയെന്ന് ചൂണ്ടിക്കാട്ടിയാണ് പണമിടപാട് സ്ഥാപനം സന്ധ്യയുടെ വീട് ജപ്തി ചെയ്തത്. ഇന്ന് രാവിലെയാണ് ബാങ്ക് അധികൃതർ എത്തി വീട് ജപ്തി ചെയ്തത്.

ജോലി കഴിഞ്ഞ് വീട്ടിലെത്തിയ സന്ധ്യയും മൂന്ന് മക്കളും വീട്ടിൽ കയറാനാവാതെ പുറത്തുകഴിയുകയായിരുന്നു. കടബാധ്യത ബാക്കിയാക്കി ഭർത്താവ് മൂന്ന് മക്കളെയും സന്ധ്യയെയും ഉപേക്ഷിച്ചതോടെ വല്ലാത്ത ബുദ്ധിമുട്ടിലായിരുന്നു ഈ യുവതി. മാധ്യമങ്ങളിലൂടെ വാർത്ത ശ്രദ്ധയിൽപ്പെട്ട ഉടനെ വേണ്ട സഹായങ്ങൾ ചെയ്യാൻ ലുലു ഗ്രൂപ്പ് പ്രതിനിധികൾക്ക് എം.എ യൂസഫലി നിർദേശം നൽകുകയായിരുന്നു.

ഗുജറാത്തിന്റെ 65 വർഷമായുള്ള മദ്യനിരോധനം കേരളം കണ്ടു പഠിക്കണമെന്ന് ഇ എ ജോസഫ്

തൃശൂർ: ആറര പതിറ്റാണ്ടായി നിലനിൽക്കുന്ന ഗുജറാത്തിലെ മദ്യനിരോധനം മൂലം റവന്യൂ വരുമാനത്തിന്റെ ഗുണപരമായ വിനിയോഗം സംസ്ഥാനത്തിന് എല്ലാ മേഖലകളിലും വൻ തോതിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് ഗുജറാത്തിൽ സന്ദർശനം നടത്തിക്കൊണ്ടിരിക്കുന്ന മദ്യ വിമോചന മഹാ സഖ്യം സംസ്ഥാന പ്രസിഡന്റ് ഇ എ ജോസഫ് പ്രസ്താവിച്ചു.

ഒക്ടോബർ 10 ന് തൃശ്ശൂരിൽ നിന്നും യാത്ര പുറപ്പെട്ട പഠന സംഘത്തിൽ ഇ എ ജോസഫിനു പുറമേ സംസ്ഥാന രക്ഷാധികാരി സി ഐ അബ്ദുൾ ജബ്ബാർ, സംസ്ഥാന സെക്രട്ടറി കമറുദ്ദീൻ വെളിയംകോട്, നിർവാഹക സമിതി അംഗം കെ എസ് ശിവരാമൻ എന്നിവരുമുണ്ട്.

ഗുജറാത്ത് ആഭ്യന്തര വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മദ്യനിരോധന വകുപ്പ് ഉദ്യോഗസ്ഥരുമായും റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുമായും സംഘം ചർച്ചകൾ ചെയ്തു. അതുകൂടാതെ വിദ്യാർത്ഥികൾ, കച്ചവടക്കാർ, കർഷകർ, സാധാരണ കൂലിപ്പണിക്കാർ തുടങ്ങി വിവിധ മേഖലകളിലുള്ളവരുമായും സംഘം ആശയ വിനിമയം നടത്തി.

അഖിലേന്ത്യാ തലത്തിൽ കുറ്റകൃത്യങ്ങൾ ഏറ്റവും കുറവുള്ളത് ഗുജറാത്തിലാണെന്നും തൊഴിലാളികളുടെ പ്രവർത്തന ക്ഷമതയും ചികിത്സ ചെലവുകൾ കുറയുന്നതും റോഡ പകടങ്ങളുടെ നിരക്ക് കുറവും അങ്ങനെ നിരവധി നേട്ടങ്ങൾ മദ്യനിരോധനം മൂലമുണ്ടെന്ന് ഉദ്യോഗസ്ഥർ അറിയിച്ചതായി ജോസഫ് പറഞ്ഞു.

സ്വാഗത സംഘം രൂപീകരിച്ചു

തൃശൂർ: ബാങ്ക് ജീവനക്കാരുടെ പ്രസിദ്ധീകരണമായ ബാങ്ക് വർക്കേഴ്സ് ഫോറം പ്രസിദ്ധീകരണം ആരംഭിച്ച് 40 വർഷം പിന്നിടുകയാണ്. 40 -ാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി ഒക്ടോബർ 20 ന് രാവിലെ 10.30 ന് സാഹിത്യഅക്കാദമി ഹാളിൽ ദേശീയ മാധ്യമ സെമിനാർ സംഘടിപ്പിക്കുന്നു. സമാന്തര മാധ്യമങ്ങളുടെ സമകാലിക പ്രസക്തി എന്ന വിഷയത്തിൽ പ്രശസ്ത മാധ്യമ പ്രവർത്തകരായ പ്രബീർപുർകായസ്ത, വെങ്കിടേഷ് രാമകൃഷ്ണൻ, എൻ.പി.ചന്ദ്രശേഖരൻ, കെ.കെ.ഷാഹിന തുടങ്ങിയവർ സംസാരിക്കും.

പരിപാടിയുടെ വിജയകരമായ നടത്തിപ്പിന് വിപുലമായ സ്വാഗത സംഘം തുപീകരിച്ചു. പഴയ നടക്കാവിലുള്ള ബാങ്ക് വർക്കേഴ്സ് ഫോറം ഒഫീസിൽ ചേർന്ന തുപീകരണ യോഗം പ്രൊഫ. കാവുമ്പായി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഫോറം എഡിറ്റോറിയൽ ബോർഡംഗം പി.എച്ച്.വിനിത അദ്ധ്യക്ഷത വഹിച്ചു. എ.സിയാവുദ്ധീൻ, പി.കെ.വിപിൻബാബു, ദീപക് വിശ്വനാഥ് , അനുതുപ് രാജ, ജലീൽ ടി. കുന്നത്ത് തുടങ്ങിയവർ സംസാരിച്ചു. മാനേജിംഗ് എഡിറ്റർ ബി. സ്വർണ്ണകുമാർ സ്വാഗതവും ബിജി ദിലീപ് നന്ദിയും പറഞ്ഞു. കേരള സാഹിത്യ അക്കാദമി സെക്രട്ടറി പ്രൊഫ. സി..പി.അബൂബക്കർ ചെയർമാനും മാനേജിംഗ് എഡിറ്റർ ബി. സ്വർണ്ണകുമാർ ജനറൽ കൺവീനറുമായി 51 അംഗ സ്വാഗതസംഘം രൂപീകരിച്ചു.

യംഗ് ഇന്നവേറ്റേഴ്സ് പ്രോഗ്രാമിൽ അമലയിലെ വിദ്യാർത്ഥികൾ ജേതാക്കളായി

അമലനഗർ: മെഡിക്കൽ കോളേജിലെയും നഴ്സിംഗ് കോളേജിലെയും വിദ്യാർത്ഥികൾ യംഗ് ഇന്നവേറ്റേഴ്സ് പ്രോഗ്രാം ജില്ലാതല ജേതാക്കളായി. മെഡിക്കൽ കോളേജിലെയും നഴ്സിംഗ് കോളേജിലെയും 3 വീതം പ്രോഗ്രാമുകളാണ് കേരള ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ അംഗീകാരം നൽകിയത്. ജില്ലാതല ജേതാക്കളെ സംസ്ഥാനതലമത്സരത്തിലേക്ക് തിരഞ്ഞെടുത്തിട്ടുണ്ട്.

പ്രൊഫ. പി ടി കുരിയാക്കോസിന്റെ 135-ാം ജന്മദിനം ആഘോഷിച്ചു

പാവറട്ടി: കേന്ദ്ര സർക്കാർ സ്ഥാപനമായ കേന്ദ്രീയ സംസ്കൃത സർവ്വകലാശാല ഗുരുവായൂർ കേന്ദ്രം സ്ഥാപകൻ, സംസ്കൃതപ്രണയഭാജനം പ്രൊഫ. പി.ടി. കുരിയാക്കോസിന്റെ 135-ാം ജന്മദിനം പാവറട്ടിയിൽ ആഘോഷിച്ചു.

പാവറട്ടി തീർത്ഥകേന്ദ്രത്തിലെ കുരിയോക്കോസ് സമാധിയിൽ ഡയറക്ടർ പ്രൊഫ. കെ.കെ. ഷൈൻ, വിദ്യാപീഠം സംരക്ഷസമിതി പ്രസിഡണ്ട് തോമസ് പാവറട്ടി എന്നിവർ പുഷ്പാർച്ചന നടത്തി.

സ്മൃതിഭവനിൽ ഡയറക്ടർ പ്രൊഫ. കെ.കെ. ഷൈനിന്റെ അദ്ധ്യക്ഷതയിൽ നടന്ന ആഘോഷച്ചടങ്ങുകൾ വിദ്യാപീഠം സംരക്ഷണസമിതി പ്രസിഡണ്ട് തോമസ് പാവറട്ടി ഉദ്ഘാടനം ചെയ്തു.

കുരിയാക്കോസ് മാസ്റ്ററുടെ പൗത്രൻ കുരിയൻ പുലിക്കോട്ടിൽ, കുടുംബാംഗമായ പി.എം. മാഗി ടീച്ചർ, മുൻ പ്രിൻസിപ്പാൾ ഡോ. എം.എ. ബാബു, ഡോ. സോംനാഥ് സ്നാപതി, സ്മൃതിഭവൻ അദ്ധ്യക്ഷൻ പ്രൊഫ. കെ. വിശ്വനാഥൻ എന്നിവർ സംസാരിച്ചു.

ദൈവത്തിന്റെ സ്വന്തം നാട്ടിലെ അതിഥിക്ക് പ്രകൃതിസംരക്ഷണ സംഘത്തിന്റെ സ്നേഹോപഹാരം വ്യത്യസ്ത അനുഭവമായി മാറി

കുന്നംകുളം: ദൈവത്തിന്റെ സ്വന്തം നാട് തങ്ങളുടെ സ്വന്തം നാടായി ഇഷ്ടപ്പെടുകയും, ഒപ്പം കഴിവ് സ്വന്തമായി വളർത്തിയെടുക്കുകയും വിജയരഥത്തിലേയ്ക്ക് ചേക്കേറുകയും ചെയ്ത ഒറീസ വിദ്യാർത്ഥിക്ക് ആദരവ് നൽകി പ്രകൃതിസംരക്ഷണ സംഘം.

കുന്നംകുളം ഉപ ജില്ലാ യു.പി.വിഭാഗം കായിക മൽസരത്തിൽ മൂന്ന് സ്വർണ്ണ മെഡൽ കരസ്ഥമാക്കിയ കടങ്ങോട് പഞ്ചായത്തിലെ മൂന്നാം വാർഡിൽ താമസിക്കുന്ന ഒറീസയിൽ നിന്നുള്ള കുടുംബത്തിലെ രാജ് കെ.ബി ക്ക് മെമന്റോ നൽകി ആദരിച്ചു. കായിക മേഖലയിൽ മിന്നുന്ന പ്രകടനം കാഴ്ചവെച്ച ഈ പ്രതിഭക്ക് കൈത്താങ്ങുക അനിവാര്യമാണെന്ന് ചടങ്ങ് ഉദ്ഘാടനം ചെയ്തുകൊണ്ട് തൃശൂർ ജില്ലാ പഞ്ചായത്ത് അംഗം ജലീൽ ആദൂർ അഭിപ്രായപ്പെട്ടു. പ്രകൃതിസംരക്ഷണ സംഘം തൃശൂർ ജില്ലാ പ്രസിഡണ്ട് ഡോ. ജോൺസൻ ആളൂർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ മുഖ്യ അതിഥിയായി പങ്കെടുത്ത സ്പെഷൽ ബ്രാഞ്ച് പോലീസ് ഓഫീസർ ജിജി എം. എ ആശംസ സന്ദേശം നൽകി. പ്രകൃതിസംരക്ഷണ സംഘം സംസ്ഥാന സെക്രട്ടറി ഷാജി തോമസ് ഫല വൃക്ഷതൈ രാജ് കെ.ബി ക്ക് സമ്മാനിക്കുകയും, സംഘടന പ്രവർത്തന ശൈലിയെകുറിച്ച് വിശദീകരിക്കുകയും ചെയ്തു. വാർഡ് മെമ്പറും കടങ്ങോട് ഗ്രാമ പഞ്ചായത്ത് ആരോഗ്യ വിദ്യഭ്യാസ സ്റ്റാൻഡിംങ് കമ്മിറ്റി ചെയർപേഴ്സണും കൂടിയായ ബീന രമേഷ്, സാമൂഹ്യ പ്രവർത്തകൻ രാജേഷ് കെ.ജെ മുക്കിലപീടിക,പ്രകൃതിസംരക്ഷണ സംഘം യൂണിറ്റ് ട്രഷറർ സജി എ.ജെ. ആറ്റത്ര എന്നിവർ പ്രസംഗിച്ചു.

ശ്രീ കൂടൽമാണിക്യം ദേവസ്വം മ്യൂസിയം ആൻഡ് ആർക്കൈവ്സ് വാർഷികാഘോഷ പരിപാടി

ഇരിങ്ങാലക്കുട: 2024 ഒക്ടോബർ 14, 15 തിങ്കൾ, ചൊവ്വ ദിവസങ്ങളിലായി നടക്കുന്ന ശ്രീ കൂടൽമാണിക്യം ദേവസ്വം മ്യൂസിയം ആന്റ് ആർക്കൈവ്സ് വാർഷികാഘോഷം, ചരിത്ര സെമിനാർ, ചരിത്ര ക്വിസ് എന്നീ പരിപാടികളുടെ ഉദ്ഘാടനം ഹയർ എഡ്യൂക്കേഷൻ കൗൺസിൽ വൈസ് ചെയർമാൻ ഡോ. രാജൻ ഗുരുക്കൾ ഉദ്ഘാടനം ചെയ്തു. ദേവസ്വം ചെയർമാൻ അഡ്വ. സി. കെ. ഗോപി. അദ്ധ്യക്ഷത വഹിച്ചു. ഡോ.സി.സി. ബാബു മുഖ്യ പ്രഭാഷണം നടത്തി.

ലാറ്റിനമേരിക്കൻ കരീബിയൻ ട്രേഡ് കൗൺസിൽ ഗുഡ് വിൽ അംബാസഡറായ ഐ. സി. എൽ. ഫിൻ കോപ്പ് സി. എം.ഡി. അഡ്വ. കെ.ജി. അനിൽകുമാർ, കേരള സംസ്ഥാന വയോമിത്ര അവാർഡ് ലഭിച്ച വേണുജി, സദനം കഥകളി അക്കാദമിയുടെ പട്ടിക്കാംതൊടി രാമുണ്ണിമേനോൻ, ആചാര്യ പുരസ്കാരം ലഭിച്ച ഗോപി ആശാൻ എന്നിവരെ ദേവസ്വം മാനേജിംഗ് കമ്മിറ്റി അംഗങ്ങളായ ഡോ. മുരളി ഹരിതം, അഡ്വ. കെ.ജി. അജയ്കുമാർ, മുളങ്ങാടൻ രാഘവൻ എന്നിവർ പൊന്നാട അണിയിച്ച് മൊമന്റോ നൽകി ആദരിച്ചു. പ്രൊഫ. സാവിത്രി ലക്ഷ്മണൻ, വി.സി.പ്രഭാകരൻ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

മ്യൂസിയം ആന്റ് ആർക്കൈവ്സ് ഡയറക്ടർ ഡോ. കെ. രാജേന്ദ്രൻ സ്വാഗതവും ദേവസ്വം അഡ്മിനിസ്ട്രേറ്റർ ഉഷാനന്ദിനി നന്ദിയും പറഞ്ഞു. ആദ്യ പ്രബന്ധം കൂടൽ മാണിക്യം ക്ഷേത്രത്തിലെ രണ്ട് വട്ട് എഴുത്ത് ലിഖിതങ്ങൾ ഡോ. രാജൻ ഗുരുക്കൾ അവതരിപ്പിച്ചു. ഡോ. ടി.കെ. നാരായണൻ മേഡറേറ്ററായിരുന്നു. സെന്റ് ജോസഫ്സ് കോളേജ് റിട്ട. പ്രൊഫസറായിരുന്ന ഡോ. രാധാമുരളീധരൻ, സെന്റ് ജോസഫ്സ് കോളേജ് പ്രൊഫസറായ ലിറ്റി ചാക്കോ. കൈസ്റ്റ് കോളേജ് പ്രൊഫസറായ സിന്റോ കോങ്കോത്ത് എന്നിവർ അനുബന്ധ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

ഉച്ചതിരിഞ്ഞ് മദ്ധ്യകാല കേരളീയ ക്ഷേത്രങ്ങളിലെ കലയും രാഷ്ട്രീയവും എന്ന പ്രബന്ധം കാലിക്കറ്റ് സർവകലാശാല ചരിത്രവിഭാഗം മേധാവി ഡോ. വി.വി.ഹരിദാസ് അവതരിപ്പിച്ചു. കേരള വർമ്മ കോളേജ് പ്രൊഫസർ ഡോ. പ്രവീൺ ഒ.കെ, ക്രൈസ്റ്റ് കോളേജ് അദ്ധ്യാപകരായ ഡോ. ശ്രീവിദ്യ വി., ഡോ. ദീപക്.ജെ. എന്നിവർ അനുബന്ധ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

കോടികൾ തട്ടിയെടുത്ത കേസിൽ പ്രതിയുടെ മുൻകൂർ ജാമ്യാപേക്ഷ സെഷൻസ് കോടതി തള്ളി

തൃശൂർ: പോളണ്ട്, ആസ്ട്രേലിയ മുതലായ വിദേശ രാജ്യങ്ങളിൽ ജോലി സാധ്യത ഉണ്ടെന്നും ആയത് തരപ്പെടുത്തി നൽകാമെന്നും പറഞ്ഞ് വിശ്വസിപ്പിച്ച് യാതൊരുവിധ നിയമാനുസൃത ലൈസൻസും ഇല്ലാതെ സ്ഥാപനം നടത്തി, കോടികൾ തട്ടിയെടുത്ത കേസിൽ സ്ഥാപനത്തിന്റെ ഡയറക്ടറായ തിരുവനന്തപുരം ജില്ല, കാഞ്ഞിരംപാറയിൽ താമസിക്കുന്ന തൃശ്ശൂർ കൈപ്പമംഗലം വില്ലേജ് പോണത്ത് വീട്ടിൽ പ്രകാശൻ മകൻ പ്രജിത് പ്രകാശ് (29) എന്നവരുടെ മുൻകൂർ ജാമ്യാപേക്ഷ തള്ളി തൃശ്ശൂർ ജില്ലാ പ്രിൻസിപ്പൽ സെഷൻസ് ജഡ്ജ് പി.പി. സെയ്തലവി ഉത്തരവായി.

2021 മുതൽ 2024 വരെയുള്ള കാലയളവിലാണ് കേസിനാസ്പദമായ സംഭവം നടന്നത്. കാസിൽഡ എജ്യൂക്കേഷൻ ഓവർസീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം നടത്തി, പോളണ്ട്, ആസ്ട്രേലിയ മുതലായ വിദേശരാജ്യങ്ങളിൽ ജോലി വാങ